# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.686 — 13.01.2021-ൽ മറുപടിക്ക്

## വിനോദസഞ്ചാര മേഖലയിൽ നിന്ന് ലഭിച്ച വരുമാനം

**ചോദ്യം**

ശ്രീ. അനൂപ് ജേക്കബ് :

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
സഹകരണവും
വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി

(എ) സംസ്ഥാനത്ത് 2018-2019, 2019-2020 സാമ്പത്തിക വർഷങ്ങളിൽ വിനോദസഞ്ചാര മേഖലയിൽ നിന്ന് ലഭിച്ച വരുമാനം എത്രയാണെന്ന് അറിയിക്കുമോ;

(എ) ടൂറിസം മേഖലയിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന മൊത്തവരുമാനം കലണ്ടർ വർഷാടിസ്ഥാനത്തിൽ ആണ് കണക്കാക്കുന്നത്. 2020 കലണ്ടർ വർഷത്തെ സ്ഥിതി വിവര കണക്ക് പൂർത്തീകരിച്ചിട്ടില്ല. 2018, 2019 വർഷങ്ങളിലെ പ്രസ്തുത കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | ആകെ വരുമാനം (കോടിയിൽ) |
|---|---|
| 2018 | 36258.01 |
| 2019 | 45010.69 |

(ബി) വിനോദസഞ്ചാര മേഖലയിൽ നിന്ന് കൂടുതൽ വരുമാനം ലക്ഷ്യമാക്കി കൈക്കൊണ്ട നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ?

(ബി) വിനോദസഞ്ചാര മേഖലയിൽ നിന്ന് കൂടുതൽ വരുമാനം ലക്ഷ്യമാക്കി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

- ചാമ്പ്യൻസ് ബോട്ട് ലീഗ്
- ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം
- ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ
- ടൂർ ഓപ്പറേറ്റർമാർ, വിനോദ സഞ്ചാരമേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി ഫമിലിയറൈസേഷൻ (FAM) ടൂറുകൾ സംഘടിപ്പിക്കൽ

- അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യ ക്യാമ്പയിനുകൾ
- ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്
- സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും
- ബ്ലോഗ് എക്സ്പ്രസ്സിന്റെ തുടർച്ച
- മൈസ് (MICE), വെഡിംഗ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരണം

സെക്ഷൻ ഓഫീസർ